"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിൽ നിന്നും ടൗൺപ്ലാനിംഗ് സർവ്വേയർ തസ്തികയിൽ 28.02.1999 ൽ വിരമിച്ച ശ്രീമതി.ഡി സതികുമാരി പെൻഷൻ കുടിശ്ശിക അനുവദിച്ച്- ബഹു.ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ(ഇകെഎം) 2312/2018 നമ്പർ കേസിലെ 12.12.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.989/2022/LSGD തീയതി,തിരുവനന്തപുരം, 21-04-2022

---

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 23.03.2017തീയതിയിലെ പി3-1812/17 നമ്പർ കത്ത്.
2. 07.05.2018 തീയതിയിലെ ഇയു2-121/2017/തസ്വഭവ നമ്പർ കത്ത്.
3. ശ്രീമതി.ഡി സതികുമാരി സർക്കാരിൽ സമർപ്പിച്ച 12.11.2018 തീയതിയിലെ നിവേദനം (അനക്ഷർ A4)
4. ശ്രീമതി.ഡി സതികുമാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ(ഇകെഎം) 2312/2018 നമ്പർ കേസിലെ 12.12.2018 തീയതിയിലെ വിധിന്യായം
5. നഗരകാര്യഡയറക്ടറുടെ 01.03.2019,15.02.2022 തീയതികളിലെ പി3-1812/17 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ നിന്നും ടൗൺപ്ലാനിംഗ് സർവ്വേയർ തസ്തികയിൽ 28.02.1999 ൽ വിരമിച്ച ശ്രീമതി. സതികുമാരി 02.2004 വരെ പെൻഷൻ വാങ്ങിയിരുന്നതായും എന്നാൽ കുടുംബപരമായ കാരണങ്ങളാൽ തുടർന്ന് പെൻഷൻ വാങ്ങാൻ കഴിഞ്ഞില്ലായെന്നും ആയതിനാൽ മുടങ്ങിപ്പോയ പെൻഷൻ അനുവദിക്കുന്നതിനായി ടിയാരി സമർപ്പിച്ച അപേക്ഷ പരാമർശം 1 പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങൾ സഹിതം പരിശോധിക്കുകയും ശ്രീമതി. സതികുമാരിയുടെ റീവാലിഡേഷൻ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് പരാമർശം 2 പ്രകാരം നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതും അതിൻപ്രകാരം ശ്രീമതി. ഡി സതികുമാരിക്ക് 08.05.2018 മുതൽ പെൻഷൻ പുനഃസ്ഥാപിച്ച് ഉത്തരവായിരുന്നു.

2. ശ്രീമതി.ഡി. സതികുമാരി സൂചന 3 പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആരോഗ്യപരമായ കാരണങ്ങളാൽ 12 വർഷത്തിലേറെ നാട്ടിൽ നിന്നും മാറി നില്ക്കേണ്ടി

വന്നതിനാൽ മുടങ്ങിപ്പോയ 2004 മുതൽ 2018 വരെയുള്ള പെൻഷൻ കടിശിക പ്രത്യേക കേസായി പരിഗണിച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഇതേ ആവശ്യവുമായി ശ്രീമതി.ഡി. സതികമാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ(ഇകെഎം) 2312/2018 നമ്പർ കേസിലെ പരാമർശം (4) ഉത്തരവുപ്രകാരം അപേക്ഷക സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ A4 നിവേദനം പരിശോധിച്ച് അപേക്ഷകയെ നേരിൽ കേട്ട് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം 25.02.2019ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി ടിയാരിയെ നേരിൽ കേട്ടിരുന്നു. നേരിൽകേട്ട സമയത്ത് അപേക്ഷകയുടെ വാദങ്ങൾ പ്രകാരം തിരുവനന്തപുരം മുനിസിപ്പാലിറ്റിയിൽ നിന്നും 28.02.1999-ൽ ടൗൺ പ്ലാനർ സർവ്വേയർ തസ്തികയിൽ നിന്നും വിരമിച്ചതായും, 29.02.2000മുതൽ ധനകാര്യ വകുപ്പ് P3-2430/99 എന്ന ഉത്തരവ് പ്രകാരം പെൻഷൻ അനുവദിച്ച് നല്കിയതായും 01.03.1999 മുതൽ ഫെബ്രുവരി 2004 വരെ പ്രതിമാസ പെൻഷൻ വാങ്ങിയിട്ടുള്ളതായും അറിയിച്ചിരുന്നു. ആരോഗ്യപരവും വ്യക്തിപരവുമായ കാരണങ്ങളാൽ 12 വർഷത്തിലേറെ നാട്ടിൽ നിന്നും മാറി നില്ക്കേണ്ടി വന്നതിനാൽ ഫെബ്രുവരി 2004 -നു ശേഷം പെൻഷൻ വാങ്ങിയിട്ടില്ലായെന്നും കടിശ്ശിക പെൻഷൻ അനുവദിച്ച് കിട്ടുന്നതിനുവേണ്ടിയും റദ്ദായ പെൻഷൻ പുന:സ്ഥാപിച്ച് കിട്ടുന്നതിനുവേണ്ടിയും അപേക്ഷ സമർപ്പിച്ചതിൽ പെൻഷൻ അനുവദിച്ചെങ്കിലും 20.06.2018-ലെ ഉത്തരവിൽ മാർച്ച് 2004 മുതൽ 07.05.2018 വരെയുള്ള പെൻഷൻ കടിശ്ശികയ്ക്ക് അനുവദിച്ചില്ലായെന്ന് അറിയിച്ചിരുന്നു. കഴിഞ്ഞ 14 വർഷമായി ടിയാരി അസുഖബാധിതയാണെന്നും ചികിത്സയിലാണെന്നുമുള്ളതിന് ഉപോത്ബലകമായ രേഖകൾ സമർപ്പിച്ചിരുന്നു.

4.കേരള സർവ്വീസ് റൂൾ ഭാഗം-III റൂൾ-135 പ്രകാരം 3 വർഷം വരെ പെൻഷൻ വാങ്ങാതിരുന്നാൽ പെൻഷൻ തുടർന്ന് ലഭിക്കുന്നതിന് വ്യവസ്ഥയില്ല. കൂടാതെ കേരള സർവ്വീസ് റൂൾ 126 ഭാഗം -III പ്രകാരം മുക്ത്യാറിലൂടെ അധികാരപ്പെടുത്തുന്നയാളിന് പെൻഷൻ വാങ്ങാവുന്നതാണ്. സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ചാണ് 08.05.2018 മുതൽ പെൻഷൻ പുന:സ്ഥാപിച്ച് ഉത്തരവായിട്ടുള്ളത്. ശ്രീമതി ഡി.സതികുമാരിയുടെ അനക്ഷർ A4 നിവേദനത്തിലെ അപേക്ഷ ടിയാരിയുടെ മുടങ്ങിപ്പോയ 2004 മുതൽ 2018 വരെയുള്ള 14 വർഷത്തെ പെൻഷൻ കടിശിക പ്രത്യേക കേസായി പരിഗണിച്ച് അനുവദിക്കണമെന്നതാണ്.

5. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം സർക്കുലർ നം.3/2000/ഫിൻ തീയതി. 17.01.2000 പ്രകാരം, റൂൾ -136 ഭാഗം -III കേരള സർവ്വീസ് റൂൾ അത്യപൂർവ്വമായ സന്ദർഭങ്ങളിൽ മാത്രം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേരള സർവ്വീസ് റൂൾ 126 ഭാഗം -III പ്രകാരം മുക്ത്യാറിലൂടെ അധികാരപ്പെടുത്തുന്നയാളിന് പെൻഷൻ വാങ്ങാവുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് Barathy T.K Vs Principal Secretary to Government 2007(2) KLT Sn 27-ILR 2007 (2) Kerala 161 Mr. Justice A.K Basheer W.P (c) No. 7670 of 2006- ലെ വിധിന്യായത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ നിരീക്ഷണവും 07.05.17- ലെ സർക്കാർ നിർദ്ദേശവും കൂടി കണക്കിലെടുത്താണ് ശ്രീമതി.ഡി.സതികുമാരിയുടെ പെൻഷൻ അനുവദിച്ചതും കടിശ്ശിക അനുവദിക്കാതിരുന്നതെന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു. അതിൻപ്രകാരം കെ എസ്

ആർ ഭാഗം - III ചട്ടം 135 പ്രകാരം മൂന്ന് വർഷക്കാലയളവിന് മുകളിൽ ഒരു പെൻഷണർ പെൻഷൻ വാങ്ങാതിരിക്കുന്ന പക്ഷം അത് റദ്ദാകുന്നതാണ്. 17.01.2000 ലെ 3/2000/ ധന സർക്കുലർ പ്രകാരം വ്യക്തമായ കാരണം ഉണ്ടെങ്കിൽ മാത്രമേ കുടുബ പെൻഷൻ കുടിശ്ശിക അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ 14 വർഷമായി ടിയാരി അസുഖബാധിതയാണെന്നും ചികിത്സയിലാണെന്നുമുള്ളതിന് ഉപോത്ബലകമായ രേഖകൾ സമർപ്പിച്ചിട്ടുള്ളതിനാൽ ശ്രീമതി ഡി സതികുമാരിയുടെ അനക്ഷർ-എ4 അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് 2004 മുതൽ 2018 വരെയുള്ള മുടങ്ങിപ്പോയ പെൻഷൻ കുടിശിക. അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.12.2018 ലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)
ശ്രീമതി ഡി സതികുമാരി, റിട്ട.ടൗൺപ്ലാനിംഗ് സർവ്വേയർ ഗ്രേഡ് II, തിരുവനന്തപുരം കോർപ്പറേഷൻ (നഗരകാര്യഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ